കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് – കുടുംബശ്രീ – ജീവനക്കാര്യം –എക്സിക്യൂട്ടീവ് ഡയറക്ടറുടെ പുനർ നിയമനം – അനുവദനീയ വേതന ഘടന വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം. 3041/2013/ തസ്വഭവ. തിരുവനന്തപുരം, തീയതി, 10/12/2013.

= ===================================================================

പരാമർശം (1) സ.ഉ. (സാധാ) നം. 2963/2012/ തസ്വഭവ തീയതി 29.10.2012.

(2) സ.ഉ. (സാധാ) നം.2208/2013/ തസ്വഭവ തസ്വഭവ തീയതി 31/08/2013.

(3) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10/10/2013 ലെ കെ.എസ്സ്/ഇ/1914/13 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം ശ്രീമതി. കെ.ബി. വത്സലകുമാരി ഐ.എ.എസ്സ് – നെ 31. 10. 2012 – ൽ സർവ്വീസിൽ നിന്ന് വിരമിച്ച മുറയ്ക്ക് കരാർ വ്യവസ്ഥയിൽ മൂന്ന് വർഷത്തേയ്ക്ക് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം രണ്ടിലെ സർക്കാർ ഉത്തരവ് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പുനർ നിയമന വേതനത്തിലെ എച്ച്. ആർ. എ യും സി. സി. എ യും കേന്ദ്ര സർക്കാർ ജീവനക്കാരുടേതിനു തുല്യമാണോ അതോ സംസ്ഥാന സർക്കാർ ജീവനക്കാരുടേതിന് തുല്യമാണോ എന്നതിൽ സ്പഷ്ടീകരണം നൽകണമെന്നും 05/11/2013 മുതൽ പുനർനിയമന വേതനം അനുവദിക്കാവുന്നതാണോ എന്നും അല്ലെങ്കിൽ അനുവദനീയ വേതന ഘടന വ്യക്തമാക്കി നൽകണമെന്നും എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 3 ലെ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. കെ.ബി.വത്സലകുമാരി ഐ.എ.എസ്സ് (റിട്ടയേർഡ്) ന് എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിതയായ ദിവസം മുതൽ കേരളാ സർവ്വീസ് ചട്ടം ഭാഗം III റൂൾ **100** പ്രകാരം നിശ്ചയിക്കപ്പെടുന്ന വേതനത്തിന് അർഹതയുണ്ടെന്നും ശ്രീമതി.കെ.ബി. വത്സലകുമാരിക്ക് സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യുമ്പോൾ വാങ്ങിയിരുന്ന പ്രകാരമുള്ള കേന്ദ്ര നിരക്കിൽ ഡിഎ, എച്ച്. ആർ, എ, സി.സി.എ എന്നിവയ്ക്കും അർഹത ഉണ്ടായിരിക്കുമെന്ന വ്യവസ്ഥയിൽ **കുടുംബശ്രീ** എക്സിക്യൂട്ടീവ് ഡയറക്ടറുടെ വേതന ഘടന നിജപ്പെടുത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.**

എൻ. വിശ്രുതൻ ആചാരി

അണ്ടർ സെക്രട്ടറി ടു ഗവൺമെന്റ്

1. ശ്രീമതി. കെ.ബി.വത്സലാകുമാരി എക്സിക്യൂട്ടീവ് ഡയറക്ടർ **കുടുംബശ്രീ**
2. ഡയറക്ടർ, ഇൻഫർമേഷൻ കേരളാമിഷൻ, തിരുവനന്തപുരം.(തസ്വഭവ വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/എൽ.ബിഎ), കേരളം, തിരുവനന്തപുരം
5. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ